കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പൊൻമള ഗ്രാമപഞ്ചായത്ത്

## 2018-19

## ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം16/207/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.09/03/2020

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
പൊൻമള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൊൻമള ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊൻമള ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ, ചട്ടം 20,23, 1997 ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എബികെ

നം കെ.എസ്.എ.എം.പി.എം.16/207/2020

തിയ്യതി: 09/03/2020

<u>മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൊൻമള ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.10.2018 മുതൽ 18.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ. അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20.01.2020 മുതൽ 31.01.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. അബ്ദുൾ സത്താർ. സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സുജാത എം(25.01.2020 വരെ) | ഓഡിറ്റർ |

<u>ബി ) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

| | |
|---|---|
| ശ്രീ മൊയ്തീൻ. കെ | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ മുഹമ്മദ് ഷൌക്കത്ത് ടി (സെക്രട്ടറി) | 1.04.2018 മുതൽ 03.10.2018 വരെയും 15.10.2018 മുതൽ 12.03.2019 വരെയും |
| ശ്രീമതി അനിജ ആർ (സെക്രട്ടറിയുടെ അധിക ചുമതല) | 04.10.2018 മുതൽ 14.10.2018 വരെ |
| ശ്രീ മുഹമ്മദ് ബഷീർ (സെക്രട്ടറിയുടെ അധിക ചുമതല) | 13.03.2019 മുതൽ 31.03.2019 വരെ |

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ബീന എൻ.പി | 01.04.2018 മുതൽ 25.06.2018 വരെ |
| | ശ്രീമതി അനിജ ആർ | 26.06.2018 മുതൽ 15.10.2018 വരെ |
| | തസ്തിക ഒഴിവ് | 16.10.2018 മുതൽ 23.10.2018 വരെ |
| | ശ്രീ മുഹമ്മദ് ബഷീർ | 24.10.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ : സിനി എം | 01.04.2018 മുതൽ 31.03.2019 |

| | | |
|---|---|---|
| | | വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ സുരേന്ദ്രൻ കെ.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ബിന്ദു എം.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി റുമീന കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ അബ്ദുസലാം ആലങ്ങാടൻ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ നിഗാർ കാസിം | 01.04.2018 മുതൽ 02.09.2018 വരെയും, 13.03.2019 മുതൽ 31.03.2019 വരെയും |
| | ഡോ തസ്നി മുഹമ്മദ് | 03.09.2018 മുതൽ 12.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എസ്.ജി.ഡി) | ശ്രീമതി.നവ്യ എ പി | 01.04.2018 മുതൽ 20.04.2018 വരെ |
| | ശ്രീമതി മൃദു ടി ആർ | 21.04.2018 മുതൽ 16.06.2018 വരെ |
| | ശ്രീ മൊയ്തു പി | 18.06.2018 മുതൽ 31.07.2018 വരെയും 17.09.2018 മുതൽ 31.03.2019 വരെയും |
| | ശ്രീ. നിഖിൽ ജെ കുമാർ | 01.08.2018 മുതൽ15.09.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ നവാസ് പി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ വന്ദന | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ സുരേഷ് കുമാർ | 01.04.2018 മുതൽ 09.11.2018 വരെ |
| | ശ്രീ ഉമ്മർ | 10.11.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഖണ്ഡിക നം | വിഷയം |
|---|---|---|
| | | ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |

| | | |
|---|---|---|
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം. |
| 13 | 1-13 | റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 14 | 1-14 | വാടക – ബൈലോയിലെ നിബന്ധനകൾ പാലിച്ചില്ല- ഗ്രാമപഞ്ചായത്തിന് നഷ്ടം |
| 15 | 1-15 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കുന്നില്ല |
| 16 | 1-16 | മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്- മാന്വൽ ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല |
| 17 | 1-17 | എയ്ഡഡ് സ്കൂളുകളിൽ ശൌചാലയ നിർമ്മാണം- സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 18 | 1-18 | ഞാറ്റുകെട്ടി കുടിവെള്ള പദ്ധതി- ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപിച്ചതായി വിവരമില്ല. |
| 19 | 1-19 | മരാമത്ത് നിർവ്വഹണം - അപാകതകൾ |
| 20 | 1-20 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല |
| 21 | 1-21 | മരുന്നുകൾ തിരിച്ചയച്ചത് ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്. |
| 22 | 1-22 | കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല. |
| 23 | 1-23 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ |
| | | ഭാഗം-2 വരവുകണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല |
| | | ഭാഗം-3 ചെലവു കണക്കുകളിൽ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ<br>ഇല്ല |
| | | ഭാഗം -4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 24 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 25 | 4-2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 28 | 4-5 | വായ്പ /വായ്പ തിരിച്ചടവ് |
| 29 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 30 | 4-7 | ഓഡിറ്റ് റിക്കവറി |
| 31 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 32 | 4-9 | ചാർജ് സർചാർജ് നടപടികളുടെ വിവരങ്ങൾ. |
| 33 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 34 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| | | ഭാഗം 5<br>അനുബന്ധങ്ങൾ |
| 35 | 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 36 | 2 | Audited Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| 2018-19 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/14/03/2018 | 12(1)/22/02/2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 12.04.2019 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 1,15,69,305 |
| വരവ് | 8,78,58,824 |
| ആകെ | 9,94,28,129 |
| ചെലവ് | 6,82,39,428 |
| നീക്കിയിരിപ്പ് | 3,11,88,701 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16523000 | 16523000 | 16490721 | 32279 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3530000 | 3530000 | 2721536 | 808464 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 195000 | 195000 | 0 | 195000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 15549000 | 15549000 | 14425547 | 1123453 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3461000 | 3461000 | 3290242 | 170758 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7669000 | 7669000 | 7669000 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 3688 | 237544 | 241232 | 233506 | 7726 |
| ബി ഫണ്ട് | 0 | 169560 | 169560 | 169560 | 0 |
| എസ് എസ് എ | 24302 | 861 | 25163 | 0 | 25163 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ കാമ്പയിൻ | 791423 | 1826916 | 2618339 | 514936 | 2103403 |
| എസ് ബി ടി ഓൾഡ് ഏജ് പെൻഷൻ | 856329 | 1416794 | 2273123 | 1351576 | 921547 |
| സാക്ഷരത | 67181 | 1527 | 68708 | 68708(Transfered to own fund) | 0 |
| തനത് ഫണ്ട് | 10484966 | 34750992 | 45235958 | 17203645 | 28032313 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 215 | 74829759 | 175 | 55253708 | 0 | 40 | 81.39% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3688 | 228515 | 232203 | 224477 | 7726 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9047794 | 9047794 | 9047794 | 0 |
| ആകെ | 3688 | 9276309 | 9279997 | 9272271 | 7726 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 49560 | 31 |
| കർഷകതൊഴിലാളി പെൻഷൻ | 1698400 | 168 |
| വിധവ പെൻഷൻ | 15162700 | 662 |
| വാർദ്ധക്യകാല പെൻഷൻ | 20356200 | 813 |
| വികലാംഗപെൻഷൻ | 4819900 | 233 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിത പെൻഷൻ | 430100 | 27 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16579/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2) പഞ്ചായത്ത് കാര്യാലയ കോമ്പൗണ്ടിനകത്ത് കിടക്കുന്ന പഴയ ഫർണിച്ചർ, മറ്റു പാഴ് വസ്തുക്കൾ എന്നിവ യഥാസമയം തന്നെ കൈയൊഴിയുന്നതിനു ശ്രദ്ധിക്കുന്നില്ല.

3) പഞ്ചായത്ത് കാര്യാലയത്തിലേക്ക് മെയിൻ റോഡിൽ നിന്നുള്ള പ്രവേശനം സൂചിപ്പിക്കുന്ന ബോർഡ് സ്ഥാപിച്ചിട്ടില്ല.

4) പഞ്ചായത്തും നിർവഹണ ഉദ്യോഗസ്ഥരും പർച്ചേസ് ബില്ലുകളിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2020 മുതൽ 16.01.2020 വരെ | 01.11.2019 മുതൽ 31.12.2019 വരെ | 16.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2016 മുതൽ 29.09.2016 വരെ | 2011-12 മുതൽ 2015-16 വരെ | 16.11.2016 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.2017-18 വർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരം വസ്തു നികുതി ഇനത്തിൽ കുടിശിക അവശേഷിക്കുന്നില്ല. എന്നാൽ 2018-19 സഞ്ചയ ഡിസിബി പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് വസ്തു നികുതി ഇനത്തിൽ 18474രൂപ (നികുതി)+1122 രൂപ(ലൈബ്രറി സെസ്) രൂപ ഡിമാൻഡും 23790രൂപ(നികുതി)+1213രൂപ(ലൈബ്രറി സെസ്) കളക്ഷനും ഉണ്ട്. നോൺ റസിഡൻഷ്യൽ വസ്തു നികുതി ഇനത്തിൽ 7897രൂപ (നികുതി)+406രൂപ(ലൈബ്രറി സെസ്) ഡിമാൻഡും 8929രൂപ (നികുതി)+446രൂപ(ലൈബ്രറി സെസ്) കളക്ഷനും ഉണ്ട്. രണ്ടിനത്തിലും ഡിമാൻഡിനേക്കാൾ അധികമാണ് കളക്ഷൻ.ഇതുമായി ബന്ധപ്പെട്ട രേഖകൾ മുഴുവൻ തയ്യാറാക്കിയിട്ടില്ല.

2.സഞ്ചയ ഡിസിബി പ്രകാരം റസിഡൻഷ്യൽ ബിൽഡിംഗ് വസ്തു നികുതി ഇനത്തിൽ 109 വസ്തുനികുതി+10(ലൈബ്രറി സെസ്) കുടിശിക ബാലൻസ് ഉണ്ട്. ആയത് ബി-15 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

3.വസ്തു നികുതി - റസിഡൻഷ്യൽ, I-1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 1983267 രൂപയും RP- 43 ഷെഡ്യൂൾ പ്രകാരം കളക്ഷൻ 1898644 രൂപയുമാണ്.ബാലൻസ് 84623 രൂപ. ഡി സി ബി പത്രിക പ്രകാരം ആയത് ബുക്ക് അഡ്ജസ്റ്റ്മെന്റ് ചെയ്തിട്ടുണ്ട്. എന്നാൽ ബാലൻസിലേക്കാൾ അധികമാണിത്.(91111)

4. വസ്തു നികുതി- നോൺ റസിഡൻഷ്യൽ, I-1 ഷെഡ്യൂൾ പ്രകാരം ഡിമാന്റ് 2300767 രൂപയും RP- 43 ഷെഡ്യൂൾ പ്രകാരം കളക്ഷൻ 2182171 രൂപയുമാണ്. ബാലൻസ് 118593 രൂപ. ആയതിൽ ഡി സി ബി പത്രിക പ്രകാരം 89819 രൂപ ബുക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്. ശേഷിക്കുന്നത് 28774. എന്നാൽ B-15 ഷെഡ്യൂൾ പ്രകാരം ബാലൻസ് 24713 രൂപയാണ്.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. 2017-18 വർഷത്തെ എ.എഫ്.എസ് ലെ അപാകതൾ(2017-18 ഓഡിറ്റ് റിപ്പോർട്ട് ഖ.1-12) പരിഹരിച്ചതിന്റെ മുഴുവൻ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല.

## 1-12 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ആയതിന്റെ അടിസ്ഥാനത്തിൽ പുതിയ ഫീസ് നിരക്ക് തയ്യാറാക്കി നാളിതുവരെയും ഗ്രാമപഞ്ചായത്ത് അംഗീകരിച്ച് നടപ്പാക്കിയതായി കാണുന്നില്ല. ഇത് കാരണം 2018-19 സാമ്പത്തിക വർഷത്തെ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സ്ഥാപനമുടമകളിൽ നിന്ന് പുതുക്കിയ നിരക്കിൽ ഫീസ് ഈടാക്കാൻ സാധിച്ചിട്ടില്ല. ലൈസൻസ് അപേക്ഷകളിൻമേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (4 / 23.01.2020) ക്ക് വാർഡ് ക്ലർക്കുമാർ ഫീൽഡ് എൻക്വയറി നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടുപ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ഫീസ് ഈടാക്കിയാണ് 08.01.2018 മുതൽ ലൈസൻസ് അനുവദിച്ചിട്ടുള്ളതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ ഫീൽഡ് എൻക്വയറി നടത്തിയതായോ മൂലധന നിക്ഷേപം സംബന്ധിച്ച് റിപ്പോർട്ട് ചെയ്തതായോ കാണുന്നില്ല.അതുകൊണ്ട് തന്നെ ലൈസൻസ് അപേക്ഷകളിൻമേൽ എപ്രകാരമാണ് ഫീസ് ഈടാക്കിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

## 1-13 റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചാത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസ് ഫീ ഈടാക്കുകയോ വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കുകയോ ചെയ്തിട്ടില്ല. 2016-17 വർഷ റിപ്പോർട്ട് ഖ 2-1, 2017-18 വർഷ റിപ്പോർട്ട് ഖ 2-2 എന്നിവയിൽ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ടിന് സമർപ്പിച്ച പ്രഥമ മറുപടിയിൽ (എ1- 100/2019 തിയ്യതി. 13.02.2019) തൊഴിൽ നികുതി അടവാക്കുന്നതിന് റേഷൻകടക്കാർക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. തുടർനടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 5/23.01.2020 നമ്പർ ഓഡിറ്റ് എൻക്വയറി നൽകി. 2017-18 ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 29.112017 ലെ എ2-4692/2017, 24.08.19 ലെ എ7-3784/2019 എന്നീ കത്തുകൾ പ്രകാരം എല്ലാ റേഷൻ കട ഉടമകൾക്കും കൂടാതെ 07.11.2019 ലെ എ7-3784/2019 നമ്പർ കത്തിലൂടെ തിരൂർ താലൂക്ക് സപ്ലൈ ഓഫീസർക്കും അറിയിപ്പ് നൽകിയിരുന്നെങ്കിലും നാളിതുവരെയും ഒരാളും ലൈസൻസ് എടുക്കുകയോ തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ലെന്ന മറുപടി ലഭ്യമാക്കി. ഇക്കാര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ച വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-14 വാടക – ബൈലോയിലെ നിബന്ധനകൾ പാലിച്ചില്ല- ഗ്രാമപഞ്ചായത്തിന് നഷ്ടം

പൊൻമള ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ബസ്സ്റ്റാന്റ് എന്നേറിലെ 14/242, 243, 244 നമ്പർ

പെരുമണ്ണ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റിലെ 14/242, 243, 244 നമ്പർ കെട്ടിടങ്ങൾ, ജനസേവന കേന്ദ്രം കെട്ടിടം എന്നിവയിൽ നിന്നുള്ള വാടക ഇനത്തിൽ 2018-19 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് 3,01,227/- രൂപ വരവുണ്ട്.

മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടങ്ങൾ കൈവശം വെക്കുന്നതിനുള്ള അവകാശം 2018-19 വർഷത്തിൽ അനുവദിച്ചിരുന്നത് ശ്രീ. അലവി തൈത്തൊടി, ശ്രീ. ഇബ്രാഹിംകുട്ടി വില്ലൻ എന്നിവർക്കായിരുന്നു.(28132/- രൂപ മാസ വാടക 31.03.2018 ലെ 25(3) നമ്പർ തീരുമാനം). എന്നാൽ വാടകയോടൊപ്പം ജി.എസ്.ടി കൂടി അടവാക്കേണ്ടി വരുന്നതിനാൽ സ്ഥാപനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയാത്തതിനാൽ 01.06.2018 മുതൽ സ്ഥാപനം ഒഴിയുകയാണെന്നും ആയതിനാൽ അഡ്വാൻസായി അടവാക്കിയ 3 മാസത്തെ വാടക (രശീതി നമ്പർ11401102496/13.11.2014 ) തിരികെ നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കത്ത് (A7/2707/18തിയതി.21.05.2018) നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ 01.06.2018 ന് ലേലക്കാരിൽ നിന്ന് താക്കോൽ കൈപ്പറ്റുന്നതിനും അഡ്വാൻസായി അടവാക്കിയ തുക ബൈലോയിലെ നിബന്ധനകൾക്ക് വിധേയമായി തിരികെ അനുവദിക്കുന്നതിനും തീരുമാനിച്ചു ( ഭരണ സമിതിയുടെ 26/05/2018 ലെ 22-ാം തീരുമാനം) . ചെക്ക് 8107/09.08.2018 പ്രകാരം 69,432/-രൂപ തിരികെ നൽകുകയുംചെയ്തു.

തുക തിരികെ നൽകിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.01.06.2018 മുതൽ കെട്ടിടം ഒഴിയുകയാണെന്ന് 21.05.2018 നാണ് ഗ്രാമപഞ്ചായത്തിൽ അറിയിച്ചത്. മുൻലേലക്കാർ ഒഴിവായതിനെതുടർന്ന് ലേല നടപടികൾ പൂർത്തീകരിച്ച് ടി കെട്ടിടങ്ങൾ 01.08.2018 മുതലാണ് (29000+ GST) വാടകക്ക് ശ്രീ.കല്ലിടുമ്പിൽ റഷീദ് എന്നിവർക്ക് അനുവദിച്ചു നൽകിയത്. അതു വരെകെട്ടിടം ഒഴിഞ്ഞുകിടന്നു. ലേല നടപടികൾ പൂർത്തീകരിക്കുന്നതുവരെയുള്ള ജൂൺ, ജൂലൈ മാസങ്ങളിൽ കെട്ടിടത്തിൽ നിന്ന് വാടക ഇനത്തിൽ ലഭിക്കേണ്ട 56,264 (28132x2) രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

2. അഡ്വാൻസായി അടവാക്കിയ തുക ബൈലോയിലെ നിബന്ധനകൾക്ക് വിധേയമായി തിരികെ അനുവദിക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടമുറികൾ വാടകക്ക് നല്കുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ബൈലോ നിബന്ധന ക്രമ നമ്പർ 23 ൽ ലേലക്കാരൻ മുൻകൂറായി രേഖാമൂലം ആവശ്യപ്പെട്ടാൽ ലേല കാലാവധി തീരും മുമ്പ് തന്നെ അയാളുടെ സെക്യൂരിറ്റിയും മുൻകൂർ വാടകയും പിഴയായി വസൂലാക്കികൊണ്ട് ടിയാനെ ഒഴിവാക്കി മുറി ഒഴിപ്പിച്ചുവാങ്ങാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ബൈലോയിലെ നിബന്ധന പാലിക്കാതെ മുൻകൂർ വാടക തിരിച്ച് നൽകിയത് വഴി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. കെട്ടിടങ്ങളുടെ കേടുപാടുകൾ കാരണം ടിയാളുകൾ പലതവണ സ്ഥാപനം ഒഴിയുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിരുന്നതിനാലും 31.03.18 ലെ 25(3) നമ്പർ തീരുമാന പ്രകാരം വാടക നിജപ്പെടുത്തിയിരുന്നെങ്കിലും ടിയാളുകൾ ലേലം പുതുക്കി നൽകാത്തതിനാലുമാണ് ബൈലോയിലെ 23-ാം ഖണ്ഡിക ബാധകമാക്കാതെ മുൻകൂർ വാടക തിരികെ നൽകിയതെന്ന മറുപടിയാണ് നൽകിയത്. കെട്ടിടങ്ങളിൽ നാളിതുവരെയും യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. കൂടാതെ കെട്ടിടം 01.06.2018 മുതൽ ഒഴിയുകയാണെന്ന് കാണിച്ച് നൽകിയ കത്തിലും ഇക്കാര്യം സൂചിപ്പിക്കാത്തതിനാലും ഉയർന്ന വാടക, ഡെപ്പോസിറ്റ് എന്നിവക്ക് കെട്ടിടം ഏറ്റെടുക്കുന്നതിന് പുതിയ ലേലക്കാർ തയ്യാറാവുകയും ചെയ്ത സാഹചര്യത്തിൽ മറുപടി അംഗീകരിക്കാവുന്നതല്ല.
തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-15 കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കുന്നില്ല

വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരുമാറ്റവും മുപ്പതുദിവസത്തിനകം കെട്ടിട ഉടമ രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്തപക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ, ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി

അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വ്യാപാര ലൈസൻസ് സംബന്ധമായ രേഖകളിൽ കാണിച്ച കെട്ടിട നമ്പരുകൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററുമായി ബന്ധപ്പെടുത്തി പരിശോധിച്ചപ്പോൾ, കെട്ടിടങ്ങളുടെ ഉപയോഗം/ ഉപയോഗ സ്വഭാവം മാറുന്നതിനനുസരിച്ച് ഒക്യുപൻസി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

വിവിധ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| ഉപയോഗം | നിരക്ക്/ ച.മീ |
|---|---|
| പാർപ്പിടാവശ്യം | 3 രൂപ |
| കൈത്തറി ഷെഡ് / കയർപിരിഷെഡ് | 10 രൂപ |
| ഇതരവ്യവസായം | 40 രൂപ |

എന്നാൽ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ചുള്ള നികുതി ഈടാക്കിയതായി കാണുന്നില്ല.

| കെട്ടിടത്തിന്റെ വിവരം | ലൈസൻസ് വിവരം | ഈടാക്കേണ്ട നികുതി | ഈടാക്കിയതിൽ കുറവ് |
|---|---|---|---|
| 5/56<br>മുല്ലപ്പള്ളി അലവി<br>102 ച.മീ | 297/18-19<br>മുല്ലപ്പള്ളി അലവി ഹാജി, സുഹറ സോമിൽ 35 HP | ഉപയോഗം- ഇതരവ്യവസായം<br>വസ്തുനികുതി നിരക്ക്- 40<br>അടിസ്ഥാന വസ്തുനികുതി- 102x40= 4080<br>ഇളവ് (-)20 % (മേൽക്കൂര+ കാലപ്പഴക്കം) - 816<br>(+) വർദ്ധനവ് - (20% റോഡ്)- 816<br>ഈടാക്കേണ്ട വസ്തുനികുതി- 4080<br>ഈടാക്കേണ്ട ലൈബ്രറി സെസ്സ്- 204<br>ഈടാക്കിയ വസ്തുനികുതി- 252 (കൈത്തറി ഷെഡ് / കയർപിരിഷെഡ് എന്ന രീതിയിൽ)<br>ഈടാക്കിയ ലൈബ്രറി സെസ്സ് - 13 | വസ്തുനികുതി - 3828<br>ലൈബ്രറി സെസ്സ് - 191<br>ആകെ - 4019 |
| 5/59<br>മുല്ലപ്പള്ളി ഫാത്തിമ സുഹറ<br>99 ച.മീ | 296/18-19<br>ഫാത്തിമ സുഹറ, താജ് വുഡ് ഇന്റസ്ട്രീസ്, 24 HP | ഉപയോഗം- ഇതരവ്യവസായം<br>വസ്തുനികുതി നിരക്ക്- 40<br>അടിസ്ഥാന വസ്തുനികുതി- 99x40=3960<br>ഇളവ് (-)10 % (കാലപ്പഴക്കം) - 396<br>(+) വർദ്ധനവ് - (20% റോഡ്)- 792<br>ഈടാക്കേണ്ട വസ്തുനികുതി- 4356 | വസ്തുനികുതി - 3956<br>ലൈബ്രറി സെസ്സ് - 198<br>ആകെ - 4154 |

| | | | |
|---|---|---|---|
| | | ഈടാക്കേണ്ട ലൈബ്രറി സെസ്സ്- 218<br>ഈടാക്കിയ വസ്തുനികുതി- 400(കൈത്തറി ഷെഡ് / കയർപിരിഷെഡ് എന്ന രീതിയിൽ)<br>ഈടാക്കിയ ലൈബ്രറി സെസ്സ് - 20 | |
| 9/190<br>132 ച.മീ (87+45)<br>കടക്കാടൻ മൂസ | 27/18-19, കടക്കാടൻ മൂസ,<br>ഹോബ് പാക്സ് പ്രൈവറ്റ് ലിമിറ്റഡ്,<br>118 HP | ഉപയോഗം- ഇതരവ്യവസായം<br>വസ്തുനികുതി നിരക്ക്- 40<br>അടിസ്ഥാന വസ്തുനികുതി-<br>87x40= 3480+ 95%(45x40)= 3480+1710= 5190<br>ഇളവ് (-)20 % (മേൽക്കൂര+ കാലപ്പഴക്കം) - 1038<br>(+) വർദ്ധനവ് - (20% റോഡ്)- 1038<br>ഈടാക്കേണ്ട വസ്തുനികുതി-5190<br>ഈടാക്കേണ്ട ലൈബ്രറി സെസ്സ്- 260<br>ഈടാക്കിയ വസ്തുനികുതി- 832 (പാർപ്പിടാവശ്യം എന്ന രീതിയിൽ)<br>ഈടാക്കിയ ലൈബ്രറി സെസ്സ് - 42 | വസ്തുനികുതി - 4358<br>ലൈബ്രറി സെസ്സ് - 218<br>ആകെ - 4576 |
| 2/284<br>പട്ടർകടവൻ കോയ<br>105.84 ച.മീ | 21/18-19<br>അജ്മൽ സഫീർ.പി.ടി,<br>സെഞ്ചറി ഹോളോബ്രിക്സ്.<br>6 HP | ഉപയോഗം- ഇതരവ്യവസായം<br>വസ്തുനികുതി നിരക്ക്- 40<br>അടിസ്ഥാന വസ്തുനികുതി- 105.84 x40= 4234<br>ഇളവ് (-)20 % (മേൽക്കൂര+ കാലപ്പഴക്കം) - 847<br>(+) വർദ്ധനവ് - ഇല്ല<br>ഈടാക്കേണ്ട വസ്തുനികുതി- 3387<br>ഈടാക്കേണ്ട ലൈബ്രറി സെസ്സ്- 170<br>ഈടാക്കിയ വസ്തുനികുതി- 309 (പാർപ്പിടാവശ്യം എന്ന രീതിയിൽ)<br>ഈടാക്കിയ ലൈബ്രറി സെസ്സ് - 16 | വസ്തുനികുതി - 3078<br>ലൈബ്രറി സെസ്സ് - 154<br>ആകെ - 3232 |

കെട്ടിടത്തിന്റെ തരം ഇതര വ്യവസായം എന്നതിലേക്ക് മാറ്റിയാലും വാർഷിക വസ്തു നികുതി വർദ്ധനവ് 100% ൽ അധികരിക്കാൻ പാടില്ലാത്തതിനാൽ ടി നികുതിയിൽ മാറ്റം വരുത്താൻ സാധിക്കില്ല എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. (07/25.01.2019 നമ്പർ എൻക്വയറി).

വസ്തുനികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് ഡിമാന്റ് ക്രമീകരിക്കേണ്ടതും വസ്തുനികുതി ഈടാക്കിയതിൽ കുറവുവന്ന തുക ഉത്തരവാദികളിൽനിന്നും ഈടാക്കേണ്ടതുമാണ്.

## 1-16 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്- മാനുവൽ

## ടെണ്ടറുകളിൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥൻ- അസി.എഞ്ചിനീയർ,

2018-19 വർഷത്തിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ മാന്വൽ ടെണ്ടർ മുഖേനയാണ് നടത്തിയത്. മാന്വൽ ടെണ്ടറിംഗ് നടത്തിയ ടെണ്ടറുകളിൽ മൽസരക്ഷമത ഉറപ്പ് വരുത്തിയിട്ടില്ലെന്ന് ടെണ്ടർ റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ടെണ്ടർ നടത്തിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ടെണ്ടർ തീയ്യതി | ആകെ ടെണ്ടർ ചെയ്ത പ്രവൃത്തികൾ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | | | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|---|---|---|
| | | 0 | 1 | 2 | 3 | എല്ലാ ടെണ്ടറുകളും എസ്റ്റിമേറ്റ് നിരക്കിൽ |
| 14-6-2018 | 20 | ഇല്ല | ഇല്ല | 20 | ഇല്ല | |
| 30-6-2018 | 16 | ഇല്ല | ഇല്ല | 16 | ഇല്ല | |
| 23-10-2018 | 32 | ഇല്ല | ഇല്ല | 32 | ഇല്ല | |
| 03-12-2018 | 20 | ഇല്ല | 2 | 18 | ഇല്ല | |

ടെണ്ടർ ചെയ്ത 88 പ്രവൃത്തികളിലൊന്നിലും 2 ൽ കൂടുതൽ പേർ ടെണ്ടർ സമർപ്പിച്ചിട്ടില്ല. എല്ലാ പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടറിംഗ് നടന്നത്.

രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അപരൻ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ടും ടെണ്ടർ സമർപ്പിക്കുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വാട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് ഗ്രാമ പഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും ഗ്രാമ പഞ്ചായത്ത് ജാഗ്രത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു.

ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടേയും വികസന സ്റ്റാൻറിംഗ് കമ്മിറ്റിയുടേയും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്

(മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ 14/ 28-1-2020 നമ്പരിലുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.)

# 1-17 എയ്ഡഡ് സ്ക്കൂളുകളിൽ ശൌചാലയ നിർമ്മാണം- സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലും സ്കൂളുകളിലുമായി ശൌചാലയങ്ങൾ നിർമ്മിക്കുന്നതിന് 2017-18 വർഷത്തിൽ 13,88,100 രൂപ വകയിരുത്തി ഗ്രാമ പഞ്ചായത്ത് പ്രൊജക്ട് തയ്യാറാക്കുകയും ( പ്രൊജക്ട് നമ്പർ- 301/18) 2018-19 വാർഷിക പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തി നിർവ്വഹണം നടത്തുകയും 13,82,905 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 3 സർക്കാർ സ്കൂളുകളിലും 2 എയ്ഡഡ് സ്കൂളുകളിലും ശൌചാലയം നിർമ്മിക്കുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ചൂന്യർ ഗവ. എൽ.പി .സ്കൂളിൽ ടി പ്രവൃത്തി നിലവിൽ ആവശ്യമില്ലായെന്ന് പി.ടി.എ. കമ്മിറ്റി രേഖാമൂലം അറിയിച്ചിട്ടുള്ളതിനാൽ ഭരണ സമിതിയുടെ 26-5-2018 ലെ 26-ാം നമ്പർ- തീരുമാന പ്രകാരം പ്രസ്തുത സ്കൂളിന് വകയിരുത്തിയ ഫണ്ട് കൂടി മറ്റ് സ്ഥാപനങ്ങൾക്ക് അധികമായി മാറ്റി വകയിരുത്തുന്നതിന് തീരുമാനിക്കുകയും അതിനനുസരിച്ച് അടങ്കൽ തുകയിൽ മാറ്റം വരാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പദ്ധതി നടപ്പാക്കുകയും ചെയ്തു. ജി.എം.എൽ.പി.എസ്- ചാപ്പനങ്ങാടി,

ബി.എം.എം.യുപി സ്കൂൾ - ചാപ്പനങ്ങാടി, എ.എം.എൽ.പി.സ്കൂൾ- പൂവ്വാട്, ജി.യുപി.എസ്. പൊൻമള എന്നീ നാല് സ്കൂളുകളിലാണ് ശൌചാലയങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് | അടങ്കൽ | കുറിപ്പ് |
|---|---|---|
| പഞ്ചായത്ത് ഓഫീസ് കോമ്പൌണ്ടിലും സ്കൂളുകളിലുമായി ശൌചാലയങ്ങൾ നിർമ്മിക്കൽ- (213/19) | 13,88,100 | നിർവഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ<br>സാങ്കേതികാനുമതി- 13,88,100<br>കരാറുകാരൻ - ശ്രീ . ലുക്ക്മാൻ . ടി.<br>കരാർ - AE/LSGD/PMLA/ 155/17-18<br>Dt 23-3-2018<br>കരാർ തുക - ₹ 1383638<br>ചെലവ് - ₹ 13,82,905<br>ബിൽ നമ്പർ -39/16.11.2018- 848914<br>ബിൽ നമ്പർ 45/18.12.2018- 5,33,991 |

മേൽ പദ്ധതിയുടെ നിർവ്വഹണത്തിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1. ജി.ഒ(എം.എസ്) 11/2018/ത.സ്വ.ഭ.വ തിയ്യതി 29.01.2018 നമ്പർ പദ്ധതി മാർഗ്ഗരേഖ പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും യൂറിനലുകളും ടോയ്‌ലറ്റും നിശ്ചിത സ്റ്റാൻഡേർഡിലും ആൺകുട്ടികൾക്കും പെൺക്കുട്ടികൾക്കും വെവ്വേറെയും അവരുടെ എണ്ണത്തിനനുസൃതമായും( 40 പെൺകുട്ടികൾക്ക് 1 യൂറിനൽ, 80 ആൺകുട്ടികൾക്ക് 1 യൂറിനൽ) അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതി നൽകുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള മുഴുവൻ സർക്കാർ സ്കൂളുകളിലും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം യൂറിനലുകളും ടോയ്‌ലെറ്റും, വാഷ് ബേസിനും അവയിൽ ജല ലഭ്യതയും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതായി സാക്ഷ്യപത്രം ലഭ്യമാക്കാതെയാണ് എയ്ഡഡ് സ്കൂളുകളിൽ സൌകര്യമേർപ്പെടുത്തിയിട്ടുള്ളത്.

2. എയ്ഡഡ് സ്കൂളുകളിൽ നിർമാണ പ്രവർത്തനം നടത്തുന്നതിന് സ്കൂൾ മാനേജർ/ മാനേജിംഗ് കമ്മിറ്റിയുടെ രേഖാമൂലമുള്ള അപേക്ഷ യോ സമ്മതമോ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/30-1-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-18 ഞാറ്റുകെട്ടി കുടിവെള്ള പദ്ധതി- ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപിച്ചതായി വിവരമില്ല.

2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി (പ്രൊജക്ട് നമ്പർ- 298/18) നിർവ്വഹണമാരംഭിച്ച ഞാറ്റുകെട്ടി കുടിവെള്ളപദ്ധതി 2018-19 വർഷത്തിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തുകയും(പ്രൊജക്ട് നമ്പർ- 211/19) 152032

രൂപ ചെലവഴിച്ച് ( ബിൽ നമ്പർ- 26/29-9-2018) ടാങ്ക്, പമ്പിംഗ് മെയിൻ, പമ്പ് ഹൌസ്, മോട്ടോർ എന്നിവ സ്ഥാപിക്കുകയും ചെയ്തതായി അളവ് പുസ്തകത്തിൽ അസി. എഞ്ചിനീയർ അളവ് രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപിച്ച വിവരം ഫയലിൽ ലഭ്യമല്ല.

മേൽ കുടിവെള്ളപദ്ധതി പ്രവർത്തനക്ഷമമാക്കി ഗുണഭോക്തൃ കമ്മിറ്റിയെ ഏൽപിച്ചതായുള്ള വിവരം അറിയിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17/30-1-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-19 മരാമത്ത് നിർവ്വഹണം - അപാകതകൾ

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 148 പ്രോജക്ടുകളാണ് നിർവ്വഹണത്തിന് ഏറ്റെടുത്തത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 3,90,47,579 രൂപയാണ്. വകയിരുത്തിയ തുകയിൽ 2,68,85,276 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രോജക്ടുകളിൽ 18 എണ്ണം നിർവ്വഹണം നടത്തിയിട്ടില്ല . മരാമത്ത് നിർവ്വഹണത്തിൽ ചുവടെ കൊടുത്തിട്ടുള്ള അപാകതകൾ കാണുന്നു.

1 . മരാമത്ത് പ്രൊജക്ടുടെ ആധിക്യം- ഗുണമേൻമ ഉറപ്പാക്കാനാവുന്നില്ല.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വാർഡുകളിൽ വിഭജിക്കുന്നത് പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ ഫലപ്രദമായ നിർവ്വഹണം പ്രയാസകരമാക്കുന്നതും പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിലുള്ള എഞ്ചിനീയറിംഗ് സംവിധാനത്തിന് സാധിക്കാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ് , സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഗ്രാമ പഞ്ചായത്തിനെ ഒറ്റ യൂണിറ്റായി കണ്ട് പ്രൊജക്ടുകൾ തയ്യാറാക്കേണ്ടതും അടങ്കൽ തുകകളിൽ വർദ്ധനവ് വരുത്തി പ്രൊജക്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തേണ്ടതുമാണ്.

2. വ്യാപകമായി റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

എെ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം റോഡ് നിർമ്മാണ /പുനരുദ്ധാരണ പ്രവൃത്തികളിൽ മെറ്റലിംഗും ടാറിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മെറ്റലിംഗും ടാറിംഗും പ്രായോഗികമല്ലാത്ത റോഡുകളിലാണ് കോൺക്രീറ്റിംഗ് ആവശ്യമായി വരുന്നത്. ഇക്കാര്യം പരിഗണിക്കാതെ റോഡുകൾ വ്യാപകമായി കോൺക്രീറ്റിംഗ് നടത്തുന്നത് മൂലം രണ്ട് കിലോമീറ്ററോളം നീളമുള്ള പഞ്ചായത്ത് റോഡുകളിൽ ഏതാനും മീറ്ററുകൾ മാത്രമേ ഓരോ വർഷവും പുനരുദ്ധരിക്കാൻ കഴിയുന്നുള്ളൂ . മാത്രമല്ല പദ്ധതിപ്പണം അധികം ചെലവഴിക്കേണ്ടതായും വരുന്നു. ആയതിനാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ, ടാറിംഗ് പ്രായോഗികമല്ലാത്ത സ്ഥലങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3. റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി പ്ലാനും റോഡ് കണക്ടിവിറ്റി മാപ്പും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്ന് പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതൽ സർക്കാരിന്റെ നിർദ്ദേശമുള്ളതാണ്. ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗ രേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെങ്കിലും ഗ്രാമ പഞ്ചായത്ത് റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കിയിട്ടില്ല.

റോഡ് കണക്ടിവിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-18/30-1-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-20 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

നിർവഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, പൊൻമള

പി.എച്ച്.സി.യിലേക്കും പരിരക്ഷാ പദ്ധതിക്കുമായി മരുന്ന് വാങ്ങുന്നതിന് ചുവടെ ചേർത്തിട്ടുള്ള പ്രകാരം തുകകൾ കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമി. എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെയും മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. തുക കൈമാറിയതിന്റെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്റ്റിന്റെ പേരും നമ്പരും | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| 1 | പി.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ<br>പ്രൊജക്റ്റ് നമ്പർ-19/19 | 400000 | 4/15-10-2018<br>300000 രൂപ<br>10/18-1-2019<br>100000 രൂപ |
| 2 | പരിരക്ഷാ പദ്ധതിക്ക് വേണ്ടി മരുന്ന് വാങ്ങൽ<br>20/19 | 126400 | 8/14-11-2018 |
| | ആകെ | 526400 | |

എന്നാൽ ചുവടെ കൊടുത്തിട്ടുള്ള പ്രകാരം 62299 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെയായി ലഭ്യമായിട്ടുള്ളത്. ബാക്കി 4,64,101 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല.

| ഇൻവോയ്സ് നമ്പർ | മരുന്ന് വില |
|---|---|
| 3414/ 18-6-2019 | 36956 |
| 7970/ 9-11-2019 | 25343 |
| ആകെ | 62299 |

മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നത് വരെ 4,64,101 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-21 മരുന്നുകൾ തിരിച്ചയച്ചത് ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ: 27/19 ആയുർവേദ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ: 2/18-19/27.12.2018 Rs. 6,00,000

2018-19 വർഷത്തിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത പ്രസ്തുത പ്രോജക്റ്റ് പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി നൽകുകയും മരുന്ന് 7ഗഡുക്കളായി ലഭ്യമാവുകയും ചെയ്തിട്ടുള്ളതാണ്. അവസാന ഗഡു ഇൻവോയ്സ് നം. 90128684/28-8-2019 പ്രകാരമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഇൻവോയ്സ് നം 90096921/31-12-18 പ്രകാരം ലഭിച്ച ആദ്യ ഗഡുവിൽ ഉൾപ്പെടുന്ന താഴെപ്പറയുന്ന മരുന്നുകൾ, കാലാവധി കുറവായതിനാൽ, മടക്കിയയച്ചിരുന്നു.

| ഇൻവോയ്സിലെ ക്രമ നം. | മരുന്നിന്റെ പേര് | വില |
|---|---|---|
| 22 | ചന്ദനചൂർണ്ണം | 924 |
| 29 | ഉസീരചൂർണ്ണം | 871 |
| | | |

| | | |
|---|---|---|
| | ആകെ | 1,795 |
| | | |

ടി തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 1-22 കുടിശ്ശിക ശമ്പളത്തിന് ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല.

വൗച്ചർ നമ്പർ 21800297/01.09.2018 പ്രകാരം ശമ്പള കുടിശ്ശിക ഇനത്തിൽ (റേഷ്യോ പ്രമോഷൻ അരിയർ 27.06.17 മുതൽ 31.07.2018 വരെ) 38875/- രൂപ ശ്രീ. മുഹമ്മദ് ഷൗക്കത്ത് ടി ,സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. എന്നാൽ റേഷ്യോ പ്രമോഷൻ വഴി കൂടുതലായി അനുവദിച്ച അടിസ്ഥാന ശമ്പളത്തിന് (33807/-രൂപ) 15% പെൻഷൻ കോൺട്രിബ്യൂഷൻ 5071/- രൂപ അടവാക്കിയതിന്റെ വിവരം ലഭ്യമല്ല . പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/21.01.2020) തുക എത്രയും പെട്ടന്ന് അടവാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകി. തുക അടവാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്ത് പർച്ചേസ് ചെയ്ത സ്റ്റേഷനറികൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

(1) ഒരേ ഇനത്തിന് വ്യത്യസ്ത സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നു.

2018-19 വർഷത്തിൽ പഞ്ചായത്തിലെ ദൈനംദിന ആവശ്യങ്ങൾക്കായുള്ള രജിസ്റ്ററുകൾ , ഫോമുകൾ, എ4 പേപ്പറുകൾ , തുടങ്ങിയവ ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും മലപ്പുറം ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും പർച്ചേസ് ചെയ്തിട്ടുണ്ട്. ഗ്രാമ ലക്ഷ്മിയിൽ നിന്നും വാങ്ങിയ സ്റ്റേഷനറികൾക്ക് ഒരു സ്റ്റോക്ക് രജിസ്റ്ററും മറ്റു സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയ സ്റ്റേഷനറികൾക്ക് മറ്റൊരു സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിച്ചു വരുന്നു. ഒരേ സാധനങ്ങൾക്ക് രണ്ട് വ്യത്യസ്ത രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. ഉദാ:- A4 പേപ്പർ .

(2) പർച്ചേസ് ചെയ്ത സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുന്നില്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം പർച്ചേസ് ചെയ്ത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 218000280/29.08.18 | 2000 | മലപ്പുറം ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് എ4 പേപ്പറുകൾ വാങ്ങിയത്. |
| 2 | 218000457/26.10.18 | 4125 | മലപ്പുറം ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് എ4 പേപ്പറുകൾ, പ്ലെയിൻ രജിസ്റ്റർ, എൻവലപ്പ്, ടാഗ് തുടങ്ങിയവ വാങ്ങിയത്. |
| 3 | 218000516/23.11.18 | 2575 | മലപ്പുറം ഗവ. എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്ന് എ4 പേപ്പർ, ഫയൽ പാഡ് എന്നിവ വാങ്ങിയത് |

(3) സ്റ്റോക്ക് രജിസ്റ്ററിൽ പേജ് നമ്പർ ചേർത്ത് ഇൻഡക്സ് എഴുതിയിട്ടില്ല.

(4) സ്റ്റോക്കിലെടുത്ത സാധനങ്ങൾ വിതരണം ചെയ്യുന്നത് രേഖപ്പെടുത്തി നീക്കിബാക്കി സാക്ഷ്യപ്പെടുത്തുന്നില്ല.

(5)വർഷാവസാനം ഫിസിക്കൽ വേരിഫിക്കേഷൻ നടത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27.01.2020) അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## ഭാഗം 2

ഇല്ല

## ഭാഗം 3

ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 17.07.2019 മുതൽ 18.07.2019 വരെ | കെ.എസ്.എ.എം.പി.എം.6/767/2019 തിയതി.03.08.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 662450 | പ്രോ.നം-51/19 ഭവന രഹിതർക്ക് വീട് ലൈഫ് മിഷൻ | 640000 | 22450 |
| | 175000 | പ്രോ.നം-29/19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 175000 | 0 |
| ആകെ | 837450 | | 815000 | 22450 |
| ജില്ലാ പഞ്ചായത്ത് | 500000 | പ്രോ.നം-29/19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകൽ | 500000 | 00 |
| | 283650 | പ്രോ.നം-51/19 ഭവന രഹിതർക്ക് വീട് ലൈഫ് മിഷൻ | 280000 | 3650 |
| ആകെ | 783650 | | 780000 | 3650 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | പ്രോ.നം.15/18-19 വിവിധ വാർഡുകളിൽ | ബിൽ നമ്പർ 15/18- | 970837 | 421469 | ഭാഗികമായി പൂർത്തീകരിച്ച | 549368 |

| | | | | | | |
|---|---|---|---|---|---|---|
| | സ്ട്രീറ്റ് മെയിൻ ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ | 19/27.12.2018 | | | | |
| കെഎസ്ഇബി | പ്രോ.നം.17/18-19 വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ | ബിൽ നമ്പർ 27/18-19/13.03.2019 | 99070 | 33538 | ഭാഗികമായി പൂർത്തീകരിച്ചു | 65532 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2018-19 വർഷത്തിൽ ലഭിച്ച 2326219 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 1989-90 & 1990-91 | 8(A) | 219 | Executive Officer | 118010100290 dtd 18.04.2018 |
| 1989-90 & 1990-91 | 8(B) | 272 | Execitive Officer | 118010100291 dtd 18.04.2018 |
| 1989-90 & 1990-91 | 9(A) | 225 | Executive Officer | 118010100292 dtd 18.04.2018 |
| 1992-93 & 1993-94 | 18 | 78 | Ramachandran | 118010100294 dtd 18.04.2018 |
| 1992-93 & 1993-94 | 25 | 145 | Executive Officer | 118010100295 dtd 18.04.2018 |
| 1994-95 & 1995-96 | 16(1) | 69 | M kamalam | 118010100299 dtd 18.04.2018 |
| 1994-95 & 1995-96 | 17 | 72 | Secretary | 118010100300 dtd 18.04.2018 |
| 196-97 | 35 | 100 | Secretary | 118010100301 dtd 18.04.2018 |
| 1996-97 | 37 | 325 | KT KrishnaDas | 118010100302 dtd |

| | | | | |
|---|---|---|---|---|
| | | | | 18.04.2018 |
| 1998-99 | 36 | 120 | M T Ani | 118010100303 dtd 18.04.2018 |
| 1998-99 | 41 | 37 | Secretary | 118010100304 dtd 18.04.2018 |
| 1999-2000 | 41 | 36 | Secretary | 118010100305 dtd 18.04.2018 |
| 2002-03 | 2(4) | 330 | Secretary | 118010100306 dtd 18.04.2018 |
| 2004-05 | 2(4) | 120 | Secretary | 118010100307 dtd 18.04.2018 |
| 2006-07 | 3(6) | 26050 | Mohammad Anvar | 118010102899 dtd 30.08.2018 |
| 2017-18 | Audit Enquiry 01/2018 | 40684 | AE, LSGD, Ponmala | 118010104196 dtd 26.10.2018 |
| 2013-14 & 2014-15 | 3(2) | 2248731 | Executive Engineer, Project Division Malappuram | 118010500012 dtd 03.12.2018 |
| 2015-16 | 3(1) | 606 | Haseena Poonthiruthy | 118010105198 dtd 15.12.2018 |
| 2009-10 & 2010-11 | 2(2) | 5000 | Hamsa, Contractor | 118010106973 dtd 13.02.2019 |
| 2017-18 | 2(2) | 780 | Manager Designer Furniture | 118010108299 dtd 12.03.2019 |
| 2017-18 | 2(2) | 1200 | Manager Tefro Furniture | 118010108384 dtd 14.03.2019 |
| 2017-18 | 22) | 420 | Manager, Mandhi Hut, Cjhattipparamba | 118010108454 dtd 15.03.2019 |
| 2017-18 | 22) | 600 | Manager, Mandhi Hut, Cjhattipparamba | 118010108455 dtd 15.03.2019 |
| ആകെ | | 2326219 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1998-99 | 48 | 2002-03 | Vii 10(8-1) | പണി പൂർത്തീകരിയ്ക്കാത്തതു സംബന്ധിച്ച് | നടപടി തുടർന്ന് വരുന്നു |
| 1999-00 | 56 | 2003-04 | 3.10.9 | തേമ്പറമ്പ് ശുദ്ധജല പദ്ധതയിൽ ക്രമക്കേടുകൾ | |
| 1999-00 | 57 | 2003-04 | പൊതു പരാമർശം | വനിതാ വ്യവസായ യൂണിറ്റ് | |
| 2011-12,12-13 | 3(1) | 2014-15 | | നിഷ്ക്രിയാസ്തി | |
| 2014-15 | 2-1,2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടിതുടരുന്നു. |
| 2015-16 | 2-6,2-7,2-8,2-9 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടിതുടരുന്നു. |

# 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യ റിക്കവ റിയിലൂടെ ഈടാ ക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേ ഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാ ക്കിയ തുക | | |
| 1 | 1998-99 | 49(4), 49(5) | ശ്രീ ബദറുദ്ദീൻ | LF 16429/ Spl.cell/ SC5/06 10.6.08/ 21.6.08 | 20471/- | 20471 Rt No: 8021/ 60/19 .2.11) | -- | -- | -- | 20471 | 0 |
| 2 | 1999-2000 | 56 | ശ്രീ ബദറുദ്ദീൻ | LF 20104/ Spl.cell/ SC5/05 17.8.09/ 19.8.00 | 280824 | | -- | -- | -- | 0 | 259653 (തുക 259653 എന്നു കാണുന്നു ) |
| 3 | 2008-09 | 3-9 | ശ്രീ. സുൾഫിക്കർ. എൻ അസി എഞ്ചിനീയർ | LF 23905/ Spl.cell/ SCD1/11 19.10.12 | 4981 | 4981 Rt 112011024 18/30.1.13) | | | | 4981/- | 0 |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 9,94,28,129 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,82,39,428 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 62299 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 62299 | ശ്രീമതി ഡോ തസ്നി മുഹമ്മദ്,മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| ആകെ | 62299 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഡോ. തസ്നി മുഹമ്മദ്, മെഡിക്കൽ ഓഫീസർ (പി എച്ച് സി) | മെഡിക്കൽ ഓഫീസർ, മഞ്ചേരി മെഡിക്കൽ കോളേജ്. | വൈദ്യ വിഹാർ, പെരിങ്ങോട്ടു തൊടിയിൽ വീട്, ഇരിമ്പിളിയം, മലപ്പുറം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 | എൽഎഫ്എം10/36 /88തിയ്യതി07.10.2010 | 3 |
| 1987-88<br>1988-89 | എൽ എഫ് എം10/1448/95 തിയ്യതി07.10.2010 | 5 |
| 1989-90<br>90-91 | എൽ എഫ് എം14/503/02തിയ്യതി 07.10.2010 | 9 |
| 1992-93<br>93-94 | എൽ എഫ് എം7/579/96തിയ്യതി 07.10.2010 | 7 |
| 1994-95<br>95-96 | എൽ എഫ് എം14/506/02തിയ്യതി 07.10.2010 | 15 |
| 1996-97 | എൽ എഫ് എം14/1199/02(1)7.10.10 | 15 |
| 1997-98 | എൽ എഫ് എം14/1199/02(2)തിയ്യതി 07.10.2010 | 18 |
| 1998-99 | എൽ എഫ് എം17/789/05തിയ്യതി 07.10.2010 | 35 |
| 1999-00 | എൽ എഫ് എം17/785/05തിയ്യതി 07.10.2010 | 55 |
| 2000-01(ചെലവ്) | എൽ എഫ് എം8/257/07/07710.10 | 36 |
| 2001-02 | എൽ എഫ് എം8/1404/07തിയ്യതി 07.10.2010 | 14 |
| 2002-03 | എൽ എഫ് എം8/1405/07തിയ്യതി 07.10.2010 | 19 |
| 2003-04 | എൽ എഫ് എം8/1406/07തിയ്യതി 07.10.2010 | 14 |
| 2004-05 | എൽ എഫ് എം8/1407/07തിയ്യതി 07.10.2010 | 18 |
| 2005-06 | എൽ എഫ് എം8/1408/07തിയ്യതി 07.10.2010 | 9 |
| 2006-07 | എൽ എഫ് എം10/1291/0830.9.08 | 4 |
| 2007-08 | കെ എസ് എ എം പി എം 11/2474/15 തിയ്യതി28.11.2015 | 7 |
| 2008-09 | എൽ എഫ് എം 10/2050/1019.1.11/27.04.2011 | 11 |
| 2009-10<br>2010-11 | എൽ എഫ് എം11/776/1309.09.2013 | 24 |
| 2011-12<br>2012-13 | കെ എസ് എ എം പി എം11/371/18 തിയ്യതി 22.03.2019 | 6 |
| 2013-14<br>2014-15 | കെ എസ് എ എം പി എം 16/2875/2018 തിയ്യതി 17.01.2019 | 24 |
| 2015-16 | കെ എസ് എ എം പി എം/26/3272/16 തിയ്യതി17.02.2018 | 21 |
| 2016-17 | കെ എസ് എ എം പി എം 16/1738/17 തിയ്യതി 07.05.2018 | 9 |
| 2017-18 | കെ എസ് എ എം പി എം 16/2611/18 തിയ്യതി 29.11.2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215 (6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പൊന്മള ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-11 ൽ ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

മലപ്പുറം

# അനുബന്ധം-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |